SUNDAY 28.01.2024 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 28/01/2024

1. കാർഷിക മേഖലയിൽ ചെലവു കുറഞ്ഞ രീതിയിൽ യന്ത്രവൽക്കരണം പ്രോൽസാഹിപ്പിക്കുന്നതിന് വേണ്ടി സംസ്ഥാന സർക്കാർ കേന്ദ്ര സഹായത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സബ്മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ (കാർഷിക യന്ത്രവൽക്കരണ ഉപ പദ്ധതി - SMAM). ഈ പദ്ധതിയിൻ കീഴിൽ കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും വിളവെടുപ്പാനന്തര, വിളസംസ്ക്കരണ, മൂല്യവർദ്ധിത പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും യന്ത്രങ്ങളും സബ്സിഡിയോടെ നൽകി വരുന്നു. 2023-24 സാമ്പത്തിക വർഷത്തിലെ വ്യക്തിഗത ഗുണഭോക്താക്കളുടെ അപേക്ഷകൾ ഓൺലൈനായി 01/08/2023 മുതൽ സ്വീകരിച്ചു വരുന്നുണ്ട്. 2023-2024 സാമ്പത്തിക വർഷത്തിലെ കാർഷിക യന്ത്രങ്ങളുടെ വാടക കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും ഫാം മെഷിനറി ബാങ്കുകൾ സ്ഥാപിക്കുന്നതിനും കർഷകരുടെ കൂട്ടായ്മകൾ, FPOകൾ, പഞ്ചായത്തുകൾ തുടങ്ങിയവരുടെ അപേക്ഷകൾ ഓൺലൈനായി 01/02/2024 മുതൽ http://agrimachinery.nic.in/index എന്ന വെബ് സൈറ്റ് മുഖേന നൽകാവുന്നതാണ്. അപേക്ഷിക്കുന്ന ഗ്രൂപ്പുകൾക്ക് പാൻകാർഡ്, ബാങ്ക് അക്കൌണ്ട്, രജിസ്ട്രേഷൻ എന്നിവ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതും കുറഞ്ഞത് 8 അംഗങ്ങളെങ്കിലും ഉണ്ടായിരിക്കേണ്ടതുമാണ്. ഓൺലൈൻ അപേക്ഷ സമർപ്പിച്ചതിനു ശേഷം ബന്ധപ്പെട്ട അപേക്ഷയുടെ പകർപ്പും അനുബന്ധ രേഖകളും കൃഷി ഓഫീസറുടെ ശുപാർശയോടെ ജില്ലയിലെ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്. പദ്ധതിയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്കും അപേക്ഷിക്കുന്നതിനുള്ള സഹായങ്ങൾക്കും ജില്ലകളിലെ കൃഷി അസിസ്റ്റന്റ്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയവുമായോ, ആലപ്പുഴ, കോഴിക്കോട് എന്നിവിടങ്ങളിലെ കൃഷി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയവുമായോ, സ്ഥലത്തെ കൃഷിഭവനുമായോ 0471-2306748, 0477-2266084, 0495-2725354 എന്നീ ഫോൺ നമ്പരുകളിലോ ബന്ധപ്പെടുക.

2. ക്ഷീരവികസന വകുപ്പിന്റെ 2023-24 വർഷരെ വാർഷിക പദ്ധതി പ്രകാരമുള്ള "തീറ്റപ്പുൽകൃഷി വികസന പദ്ധതി" യുടെ വിവിധ ഘടകങ്ങളിൽ, ഗുണഭോക്താക്കളാകാൻ താല്പര്യമുള്ളവർക്ക് അപേക്ഷ സമർപ്പിക്കാം. 50 സെന്റിന് മുകളിലുള്ള തീറ്റപ്പുൽകൃഷി ധനസഹായ പദ്ധതി, തരിശുനില തീറ്റപ്പുൽകൃഷി പദ്ധതി, സ്വയം സഹായ സംഘങ്ങൾ വഴിയുള്ള ഫോഡർ മാർക്കറ്റിംഗ് എന്നിവയ്ക്കാണ് ധനസഹായം. കൂടുതൽ വിശദാംശങ്ങൾക്കായി ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന ക്ഷീരവികസന യൂണിറ്റുകളുമായി ബന്ധപ്പെടേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0484 2422310 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

3. കേരള കർഷകതൊഴിലാളി ക്ഷേമനിധി പദ്ധതിയിലെ 24 മാസത്തിൽ കൂടുതൽ വീഴ്ചവരുത്തി അംഗത്വം നഷ്ടപ്പെട്ടവർക്ക് കാലപരിധി ഇല്ലാതെ അംശദായകുടിശിക പിഴസഹിതം അടച്ച് അംഗത്വം പുന:സ്ഥാപിക്കുന്നതിനുള്ള അവസരം ജനുവരി 31 വരെ നീട്ടി. കുടിശികവരുത്തിയ ഓരോവർഷത്തിനും 10 രൂപ നിരക്കിൽ പിഴ ഈടാക്കുന്നതാണ്. 60 വയസ് പൂർത്തിയാക്കിയവർക്ക് അംഗത്വം പുന:സ്ഥാപിക്കുന്നതിനും കുടിശിക അടയ്ക്കുന്നതിനും അവസരമില്ല. അംഗങ്ങൾ ആധാർകാർഡിന്റെ പകർപ്പ് നിർബന്ധമായും കൊണ്ട് വരണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 9746822396, 7025491386, 0474 2766843, 2950183 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

4. കേരളത്തിലെ ക്ഷീരമേഖല സ്വയംപര്യാപ്തത കൈവരിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ക്ഷീരവികസന വകുപ്പിന്റെ 2023-24 വാർഷിക പദ്ധതിയായ സംസ്ഥാന ക്ഷീരകർഷക സംഗമം പടവ് 2024 ഫെബ്രുവരി മാസം 16, 17 തീയതികളിലായി ഇടുക്കി ജില്ലയിലെ അണക്കരയിൽ വച്ച് നടത്തുന്നതിന് നിശ്ചയിച്ചിരിക്കുന്നു. പ്രസ്തുത പരിപാടിയുടെ ഭാഗമായി 2022-2023 സാമ്പത്തിക വർഷത്തെ പ്രവർത്തന മികവിന്റെ പശ്ചാത്തലത്തിൽ ക്ഷീരകർഷകർക്ക് സംസ്ഥാനം, മേഖല, ജില്ല അടിസ്ഥാനത്തിൽ ജനറൽ, വനിത, SC, ST വിഭാഗത്തിൽ ഉൾപ്പെട്ട ക്ഷീരകർഷകരെ തെരഞ്ഞെടുക്കുന്നതിനുള്ള 'ക്ഷീരസഹകാരി അവാർഡ്' - അപേക്ഷകൾ ക്ഷണിക്കുന്നു. 2022-23 സാമ്പത്തിക വർഷത്തെ പ്രവർത്തന മികവിന്റെ ഭാഗമായി കേരളത്തിലെ ഏറ്റവും മികച്ച അപ്കോസ് /നോൺ ആപ്കോസ് ക്ഷീരസംഘങ്ങളെ തെരെഞ്ഞെടുക്കുന്നതിനുള്ള 'ഡോ.വർഗ്ഗീസ് കുര്യൻ അവാർഡ് നൽകുന്നതിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. പ്രസ്തുത വിഭാഗത്തിൽ തെരഞ്ഞടുക്കുന്ന ക്ഷീരസഹകരണ സംഘങ്ങൾക്ക് ബഹുമതി പത്രവും ക്യാഷ് അവാർഡും നൽകുന്നു. ഇത് സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ അറിയുന്നതിനായി ബ്ലോക്ക് അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ക്ഷീരവികസന യൂണിറ്റുമായി ബന്ധപ്പെടേണ്ടതാണ്. തെരെഞ്ഞെടുക്കപ്പെടുന്നവർക്ക് പടവ് 2024-ന്റെ വേദിയിൽ വച്ച് അവാർഡുകൾ വിതരണം ചെയ്യുന്നതാണ്.

5. കാര ചെമ്മീൻ കുഞ്ഞുങ്ങൾ വിൽപ്പനയ്ക്ക് മത്സ്യഫെഡിനു കീഴിൽ തൃശൂർ ജില്ലയിലുള്ള കൈപ്പമംഗലം ഹാച്ചറിയിലും കൊല്ലം ജില്ലിയിലുള്ള തിരുമുല്ലാവാരം ഹാച്ചറിയിലും ആരോഗ്യമുള്ളതും രോഗവിമുക്തമായതും പി.സി.ആർ ടെസ്റ്റ് നെഗറ്റീവായതുമായ കാര ചെമ്മീൻ കുഞ്ഞുങ്ങൾ വിൽപ്പനയ്ക്കു ലഭിക്കും.

ആവശ്യമുള്ളവർ കൈപ്പമംഗലം - 9526041119, തിരുമുല്ലാവാരം - 7593855763 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടി**

6. എറണാകുളം ജില്ലയിലെ ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് 2024 ജനുവരി മാസം 29ന് കാട വളർത്തൽ എന്നീ വിഷയത്തിൽ രാവിലെ 10 മണി മുതൽ 5 മണി വരെ കർഷകർക്കായി പരിശീലന പരിപാടി നടത്തുന്നു. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ 0484 2950408 എന്ന ഫോൺ നമ്പറിൽ വിളിച്ച് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

7. പൂക്കോട് വെറ്ററിനറി യൂണിവേഴ്സിറ്റിക്ക് കീഴിൽ പ്രവർത്തിക്കുന്ന ഡയറി സയൻസ് ആൻഡ് ടെക്നോളജി കോളേജിൽ യോഗർട്ട് നിർമ്മാണത്തിൽ പരിശീലനം നൽകുന്നു. പൂക്കോട് ടെക്നോളജി ഇൻഫർമേഷൻ ആൻഡ് സെയിൽസ് സെൻ്ററിന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 15 മുതൽ 17 വരെയാണ് പരിശീലനം. 3000 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. താത്പര്യമുള്ള ക്ഷീരകർഷകർ, സംരംഭകർ ഫെബ്രുവരി 10 നകം 9744975460 നമ്പറിൽ രജിസ്റ്റർ ചെയ്യുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം